വെള്ളനാട് ബ്ലോക്കിൽ ആർ. എൽ. ഇ. ജി. പി. അനുസരിച്ചുള്ള റോഡു പണികൾ

1071. [1583] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിൽ 1985-86, 1986-87 സാമ്പത്തിക വർഷത്തിൽ ആർ. എൽ. ഇ. ജി. പി. അനുസരിച്ച് എത്ര റോഡുപണികൾക്ക് സാങ്കേതിക ഭരണാനുമതി നൽകി;

(ബി) അംഗീകരിച്ച പണികൾക്ക് അനുമതി നൽകാനും അവ ആരംഭിക്കാനും അടിയന്തിര നിർദ്ദേശം നൽകുമോ;

(സി) അനുവാദം ലഭിക്കാതെ കിടക്കുന്ന പണികൾ ഏവ?

ഉത്തരം

(എ) 3 എണ്ണം ഏറ്റെടുക്കാൻ അനുമതി നൽകി. ഇന്നിനും സാങ്കേതിക അനുമതി കൊടുത്തിട്ടില്ല.

(ബി) ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നേരത്തേതന്നെ നൽകിയിട്ടുണ്ട്.

(സി) 1. ആര്യനാട് പഞ്ചായത്തിലെ പാറമുക്ക്-ഒന്നാം പാലം റോഡ്

2. കുറ്റിച്ചൽ പഞ്ചായത്തിലെ കപ്പൂകോട് റോഡ്

3. ഉഴമലയ്ക്കൽ പഞ്ചായത്തിലെ കാരനാട്-പരുത്തിക്കുഴി റോഡ്.

തിരുവനന്തപുരം ജില്ലയിൽ ചെയ്തുതീർക്കേണ്ട എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. വർക്കുകൾ

1072. [1590] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ചെയ്തുതീർക്കേണ്ട എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നിവയിലുള്ള വർക്കുകൾ സെൽഫ് ഗവേണിംഗ് ബോഡി പാസാക്കിയിട്ടും ഗവൺമെന്റ് പാസാക്കി അയയ്ക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ അടിയന്തിരമായി പാസാക്കി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ 1986-87-ലേക്കുള്ള എൻ.ആർ.ഇ.പി. ആക്ഷൻ പ്ലാൻ ഗവൺമെന്റ് അംഗീകരിച്ച് 8-10-1986-ൽ ജില്ലാ ഗ്രാമവികസന ഏജൻസി പ്രോജക്ടറാഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആർ.എൽ.ഇ.ജി.പി. റോഡ് വർക്കുകൾ 24-4-1986-ന് പാസാക്കി അയച്ചു കൊടുത്തു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly